# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 7000 11/07/2014-ൽ മറുപടിക്ക്

## എം.എൽ.എ.ക്ക് ഉത്തരവിന്റെ പകർപ്പ് നിഷേധിച്ച സംഭവം

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ് കുമാർ എന്നയാളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൻമേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് എം.എൽ.എ-ക്കോ പി.എ-ക്കോ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് നൽകാതിരുന്നത് സംബന്ധിച്ച് 16.01.2014 ൽ പി.എ. യുടെ പരാതി സഹിതം സമർപ്പിച്ച എം.എൽ.എ-യുടെ പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പി.എ-യുടെ പരാതി സഹിതം എം.എൽ.എ സമർപ്പിച്ച പരാതി അടിസ്ഥാന രഹിതമാണെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) യും (ബി) യും

ഉണ്ട്. അങ്കമാലി മണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ് കുമാർ. ജി. എന്നയാളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നിഷേധിച്ചു എന്നാരോപിച്ചുകൊണ്ട് ബഹു. എം.എൽ.എ.യുടെ പി.എ. ബഹു. എം.എൽ.എ. മുഖാന്തിരം 16/1/2014-ൽ സമർപ്പിച്ച പരാതി 18/1/2014 -ൽ പൊതുവിദ്യാഭ്യാസ (ജി) വകുപ്പിൽ ലഭിച്ചു. തുടർന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും 3/1/2014-ലെ സ.ഉ.(ആർ.ടി) നം.50/14/പൊ.വി. പ്രകാരം ശ്രീ. മനോജ് കുമാർ ജി., വാക്കേലിൽ, കിടങ്ങൂർ പി.ഒ., അങ്കമാലി, എറണാകുളം എന്ന അപേക്ഷകന് വിദേശത്ത് ജോലി സംബന്ധമായ ആവശ്യത്തിലേക്കായി സ്കൂൾ റിക്കോർഡുകളിൽ/ സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി, അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതായും ബന്ധപ്പെട്ട ഫയൽ സെക്ഷനിൽ നിന്നും 8/1/14-ൽ ബഹു. എം.എൽ.എ.യ്ക്ക് പ്രസ്തുത സർക്കാർ ഉത്തര

വിന്റെ പകർപ്പ് അയച്ചുകൊടുക്കുന്നതിലേക്കായി ആമുഖ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുകയും 10/1/2014-ലെ 51436/ജി2/13/ പൊ.വി.വ കത്തു മുഖാന്തിരം ശ്രീ. മനോജ് കുമാറിന്റെ അപേക്ഷ പരിശോധിച്ച് എസ്.എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരം ഉത്തരവിന്റെ പകർപ്പ് സഹിതം ബഹു. എം.എൽ.എ. യെ അറിയിച്ചിട്ടുള്ളതായും ഫയൽ 8/1/2014 -ൽ സമർപ്പിച്ചിരുന്ന കാലയളവായ 9/1/2014 -ൽ ആണ് ബഹു. എം.എൽ.എ.യുടെ പി.എ. സർക്കാർ ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സെക്ഷനിൽ വന്നതെന്നും കാണാൻ കഴിഞ്ഞു. കൂടാതെ "എം.എൽ.എ. യുടെ PA യ്ക്ക് ഉത്തരവ് നൽകാൻ സാധിക്കില്ല" എന്ന് അദ്ദേഹത്തോട് പറഞ്ഞിട്ടില്ലായെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ. യുടെ പി.എ. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെടുകയും ഈ വിവരം ബഹു. എം.എൽ.എ. യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ